## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - നിയമസഭാ സെക്രട്ടേറിയറ്റിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ഷിബു എബ്രഹാമിന് കോട്ടയം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് -ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.2574/2016/തസ്വഭവ          തീയതി, തിരുവനന്തപുരം 03/09/2016.

---

പരാമർശം : 1) 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ.

2) സ.ഉ(സാധാ)നം 1787/2013/തസ്വഭവ തീയതി 06.07.2013.

3) സ.ഉ(സാധാ)നം 2001/2014/തസ്വഭവ 01.08.2014.

4) സ.ഉ(സാധാ)നം 3234/2015/തസ്വഭവ 31.10.2015.

5) ശ്രീ. ഷിബു എബ്രഹാമിന്റെ 05.05 2015 ലെ അപേക്ഷ.

6) കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2016 ലെ ജി2-1130/15 നമ്പർ കത്ത്.

7) നിയമസഭാ സെക്രട്ടറിയുടെ 28/06/2016-ലെ 6948/സർവ്വീസസ്ബി2/06/നി.സെ നം.കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന നിയമസഭാ സെക്രട്ടേറിയറ്റിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ഷിബു എബ്രഹാമിന് അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം 6 പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചു. ശ്രീ. ഷിബു എബ്രഹാമിന് പരാമർശം (2),(3),(4) ഉത്തരവുകൾ പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അന്യത്രസേവനകാല വ്യവസ്ഥയിലെ നിയമനം ദീർഘിപ്പിച്ചു നല്കിയിരുന്നു. ശ്രീ. ഷിബു എബ്രഹാമിന്റെ അന്യത്ര സേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 09.07.2016 ൽ അവസാനിച്ചു. ടിയാന് ഒരു വർഷം കൂടി നിയമനം ദീർഘിപ്പിച്ച് നല്കുന്നതിൽ വിയോജിപ്പില്ലെന്ന് നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അന്യത്രസേവന വ്യവസ്ഥകൾ പ്രകാരവും പരാമർശം 1 സർക്കുറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ഷിബു എബ്രഹാമിന് കോട്ടയം ജില്ലാ

പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 10.07.2016 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം
ശ്രീ. ഷിബു എബ്രഹാം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കോട്ടയംജില്ലാ പഞ്ചായത്ത് ഓഫീസ്
ഡയറക്ടർ, ഐ. കെ. എം. ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 1/125/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ